(സി) ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ സൂപ്രണ്ട് തസ്തികയിലേക്ക് പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഓഡിറ്റിംഗിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പാലക്കാട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ 21-4-2010 വരെ സ്ഥിരമായി ജനറൽ മാനേജർ ഉണ്ടായിരുന്നു. അതിനുശേഷം പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് ജനറൽ മാനേജരുടെ അധിക ചുമതലനൽകുകയും അദ്ദേഹം ആ ചുമതല നിർവ്വഹിച്ച് വരികയും ചെയ്യുന്നുണ്ട്.

(ബി) ജനറൽ മാനേജരുടെ തസ്തിക ഡെപ്യൂട്ടി ഡയറക്ടറുടെ പ്രൊമോഷൻ തസ്തികയല്ല. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ സർക്കാർ ജനറൽ മാനേജർ തസ്തികയിൽ നിയമിച്ചുവരികയാണ് ചെയ്യുന്നത്.

(സി) നിലവിൽ പഞ്ചായത്ത് വകുപ്പിൽ നിന്നും നിയമിക്കുന്നതിനുള്ള സംവിധാനമില്ല.

(ഡി) ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഓഡിറ്റ് സംവിധാനം നിലവിലുണ്ട്. സൊസൈറ്റിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ-ആർട്ടിക്കിൾ 32 പ്രകാരം ചാർട്ടേർഡ് അക്കൗണ്ടന്റിനെ ഓഡിറ്റർ ആയി നിയമിച്ച് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പന്തളം വികസന ബ്ലോക്കിന്റെ ആസ്ഥാനം പന്തളത്തുതന്നെ നിലനിർത്തുവാൻ നടപടി

171 (1641) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം വികസന ബ്ലോക്കിന്റെ ആസ്ഥാനം പന്തളത്തുനിന്നും മാറ്റുവാനുണ്ടായ സാഹചര്യം എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ ;

(ബി) പന്തളം വികസന ബ്ലോക്കിന്റെ ആസ്ഥാനമാകുന്നത് സംബന്ധിച്ച് പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ നിലപാട് എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) പന്തളം വികസന ബ്ലോക്കിന്റെ ആസ്ഥാനം കുളനടയ്ക്ക് മാറ്റിയ സാഹചര്യത്തിൽ പന്തളത്ത് നഗരഹൃദയത്തിലുള്ള വിസ്തൃതമായ വസ്തുവും, കെട്ടിടങ്ങളും എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പന്തളം വികസന ബ്ലോക്കിന്റെ ആസ്ഥാനം പന്തളത്ത് പുനഃസ്ഥാപിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭൂമിശാസ്ത്രപരവും ഭരണപരവുമായ സൗകര്യത്തെ മുൻനിർത്തി സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളെ പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി, മൂന്നോ അതിൽ കുറവോ മാത്രം ഘടക ഗ്രാമ പഞ്ചായത്തുകൾ ഉള്ളതും ഭൂമിശാസ്ത്രപരമായി ചേർന്നു കിടക്കുന്നതുമായ ബ്ലോക്ക് പഞ്ചായത്തുകളെ സംയോജിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പത്തനംതിട്ട ജില്ലയിലെ പന്തളം, കുളനട എന്നീ ബ്ലോക്ക് പഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ടും അപ്രകാരമുള്ള സംയോജിത ബ്ലോക്ക് പഞ്ചായത്തിന്റെ പേര് പന്തളയും ആസ്ഥാനം കുളനടയും നിശ്ചയിച്ചുകൊണ്ടും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്. സമീപസ്ഥമായ രണ്ട് ബ്ലോക്ക് പഞ്ചായത്തുകളെ സംയോജിപ്പിച്ച ഒരു പുതിയ ബ്ലോക്ക് പഞ്ചായത്ത് രൂപീകരിക്കുമ്പോൾ, മുൻപ് നിലവിലുണ്ടായിരുന്ന ബ്ലോക്ക് പഞ്ചായത്തുകളിൽ ഏതെങ്കിലുമൊന്നിന്റെ ആസ്ഥാനം, ഭൂമിശാസ്ത്രപരവും ഭരണപരവുമായ അനുയോജ്യത കണക്കിലെടുത്ത്, സംയോജിത ബ്ലോക്കിന്റെ ആസ്ഥാനമായി നിശ്ചയിക്കേണ്ടിവരും. ഭാവിയിലെ വികസന സാധ്യതകൾ കണക്കിലെടുത്തും ഭരണപരമായി കൂടുതൽ അനുയോജ്യമാണെന്ന് കണ്ടതിനാലുമാണ് സംയോജിത പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാനം കുളനടയായി നിശ്ചയിച്ച് സർക്കാർ ഉത്തരവായത്.

(ബി) പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാനം കുളനടയായി നിശ്ചയിക്കുന്നത് സംബന്ധിച്ച് സർക്കാർ കൂടിയാലോചിച്ചപ്പോൾ, ഇക്കാര്യത്തിൽ സമവായത്തിലൂടെ അഭിപ്രായം രൂപീകരിക്കുന്നതിന് സാവകാശം ലഭ്യമാക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ നിശ്ചയിച്ചുകൊണ്ടുള്ള തീരുമാനമാണ് പന്തളം ബ്ലോക്ക് പഞ്ചായത്ത് എടുത്തത്. എന്നാൽ ആസ്ഥാനം കുളനടയായി നിശ്ചയിക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശത്തോട് യോജിച്ചുകൊണ്ടോ വിയോജിച്ചുകൊണ്ടോ പന്തളം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് രേഖാമൂലം സർക്കാരിനെ അറിയിക്കുകയുണ്ടായില്ല.

(സി) പന്തളം ബ്ലോക്ക് പഞ്ചായത്ത് വക സ്ഥലവും കെട്ടിടങ്ങളും തദ്ദേശ ഭരണ വകുപ്പിന്റെ പരിശീലനാവശ്യങ്ങളുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതാണ്.

(ഡി) പന്തളം, കുളനട ബ്ലോക്ക് പഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ട് രൂപീകരിച്ച പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്ഥാനം നിശ്ചയിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 4 പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി നടപടികൾ സ്വീകരിച്ചുകൊണ്ടും ബന്ധപ്പെട്ട പഞ്ചായത്തുകളുമായി കൂടിയാലോചിച്ചതിനുശേഷവും സർക്കാർ നിർദ്ദേശത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും തീർപ്പാക്കിക്കൊണ്ടും, കുളനട ആസ്ഥാനമായി നിശ്ചയിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly